**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5619** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മാണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്ററിന്റെ മുകൾ ഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റഗുലേറ്ററിന്റെ നിർമ്മാണം നടപ്പിലാക്കുമെന്ന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ ഈ പ്രവർത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവർത്തിയുടെ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് ഉത്തര മേഖല (കോഴിക്കോട്) ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു |
| (സി) | ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവർത്തിയുടെ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് ഉത്തര മേഖല (കോഴിക്കോട്) ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു |
| (ഡി) | പ്രസ്തുത ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ കിഫ്ബിക്ക് സമർപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ആയകെട്ടും കാർഷികവിളകളുടെ വിശദാംശങ്ങളും മറ്റ വകുപ്പുകളിൽ (കൃഷി ഓഫീസർ, വില്ലേജ് അധികാരികൾ) നിന്നും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ പ്രകാരമുള്ള പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാ ണെന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | വർഷങ്ങളായി ആവശ്യപ്പെടുന്ന പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഇ) | ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ആയകെട്ടും കാർഷികവിളകളുടെ വിശദാംശങ്ങളും മറ്റു വകുപ്പുകളിൽ (കൃഷി ഓഫീസർ, വില്ലേജ് അധികാരികൾ) നിന്നും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ പ്രകാരമുള്ള പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാ ണെന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ